# മഹാത്മാഗാന്ധി സർവകലാശാല

(സംഗ്രഹം)

ഗവേഷണ രജിസ്ട്രേഷൻ - ഹിന്ദി വിഭാഗം - അഡ്ജംഗ്റ്റ് ഫാക്കൽറ്റിയുമായി ബന്ധപ്പെട്ടുള്ള അപാകതകൾ സംബന്ധിച്ച് ഗവേഷണ മാർഗ്ഗദർശിയുടെ അക്കാദമിക് കൗൺസിൽ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ2 വിഭാഗം

സ.ഉ.നം.5719/2/2017/അക്കാദമിക്/എII　　　　　തീയതി, പ്രിയദർശിനി ഹിൽസ്, 25/09/2017

---

പരാമർശം : 1. ശ്രീ. അശോകൻ എസ്സും, ശ്രീമതി. ജിത ജോസും പി.എച്ച്.ഡി രജിസ്ട്രേഷനായി സമർപ്പിച്ച അപേക്ഷകൾ

2 14/8/2017-നു കൂടിയ പ്രത്യേക അക്കാദമിക്ക് കൗൺസിൽ യോഗത്തിന്റെ നടപടിക്കുറിപ്പ് മിനിറ്റ്സ് ഇനം നമ്പർ. 64/AC.17/17250

## ഉത്തരവ്

11/7/2016 -ലെ വിജ്ഞാപനം എ.സി.എX/3/പി.എച്ച്.ഡി രജിസ്ട്രേഷൻ/2016 പ്രകാരം വിവിധ വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിനായി അപേക്ഷ ക്ഷണിക്കുകയുണ്ടായി. ടി വിജ്ഞാപനത്തിൽ ഗവേഷണ മേൽ നോട്ടത്തിനായി മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അധികാര പരിധിക്ക് കീഴിൽ വരുന്ന കോളേജുകളിലെ സ്ഥിരം അദ്ധ്യാപകരോ, ദേശീയ പ്രാധാന്യം ഉള്ള ഇൻസ്റ്റിറ്റ്യൂട്ടുകളിലെ ഫാക്കൽറ്റി മെമ്പേഴ്സിനെയോ മാത്രമേ റിസർച്ച് ഗൈഡായി തിരഞ്ഞെടുക്കുവാൻ പാടുള്ളു എന്ന് നിഷ്കർഷിച്ചിരുന്നു.

എന്നാൽ സൂചന (1) പ്രകാരം ശ്രീ അശോകൻ എസ്സും ശ്രീമതി ജിത ജോസ്സും തങ്ങളുടെ റിസർച്ച് ഗൈഡായി തിരഞ്ഞെടുത്ത ഡോ.ബി.വിജയകുമാർ ഇപ്പോൾ ഈ സർവ്വകലാശാലയുടെ പരിധിയിൽ നിന്നും കാലിക്കറ്റ് സർവ്വകലാശാലയുടെ അധികാരപരിധിയിലുള്ള കോളേജിലേക്ക് സ്ഥലം മാറ്റപ്പെട്ടിരിക്കുകയാണ്. മുമ്പ് ഇദ്ദേഹം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അധികാര പരിധിയിൽ വരുന്ന മഹാരാജാസ് കോളേജിൽ അദ്ധ്യാപകനായിരുന്നതിനാൽ, മഹാത്മാഗാന്ധി സർവ്വകലാശായുടെ കീഴിൽ മാർഗ്ഗ ദർശിത്ത്വം ഉണ്ടായിരുന്നു. ഇപ്പോൾ നിലവിലെ വിജ്ഞാപന പ്രകാരം ഇദ്ദേഹത്തിന്റെ മാർഗ്ഗദർശിത്വത്തിൽ വിദ്യാർത്ഥികൾക്ക് ഗവേഷണത്തിനു രജിസ്റ്റർ ചെയ്യുവാൻ സാധിക്കുകയില്ല.

ഈ സാഹചര്യത്തിൽ സർവ്വകലാശാലയുടെ അധികാരപരിധിയിലുള്ള ഗവൺമെന്റ് കോളേജ്/കോർപ്പറേറ്റ് മാനേജ്മെന്റ് കോളേജ് എന്നിവയിലെ അദ്ധ്യാപകരായ റിസർച്ച് ഗൈഡുകൾ സർവ്വകലാശാല അധികാരപരിധിക്കു പുറത്തുള്ള കോളേജിലേക്ക് സ്ഥലം മാറ്റപ്പെട്ടാലും ഗൈഡായി പ്രവർത്തിച്ചിരുന്ന ഗവേഷണ കേന്ദ്രത്തിലെ അംഗീകൃത ഗൈഡായി തുടരാൻ അനുവദിക്കേണ്ടതുണ്ടോ എന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളുവാൻ അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ സമർപ്പിക്കുകയുണ്ടായി. 24.5.2017 -ൽ കൂടിയ അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ശുപാർശ സൂചന (2) പ്രകാരം, 14/8/2017 -നു കൂടിയ പ്രത്യേക അക്കാദമിക്ക് കൗൺസിൽ പരിശോധിച്ച് താഴെ പറയും പ്രകാരം തീരുമാനമെടുത്തു: "24/5/2017 തീയതിയിൽ ചേർന്ന അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗ നടപടി ചുരുക്കം,

ഇനം നം.06 പ്രകാരം സർവ്വകലാശാലയുടെ അധികാരപരിധിയിലുള്ള ഗവൺമെന്റ് കോളേജ്/കോർപ്പറേറ്റ് മാനേജ്മെന്റ് കോളേജ് എന്നിവയിലെ അദ്ധ്യാപകരായ റിസർച്ച് ഗൈഡുമാർ സർവ്വകലാശാല അധികാര പരിധിക്ക് പുറത്തുള്ള കോളേജിലേക്ക് സ്ഥലം മാറ്റപ്പെട്ടാൽ ഗൈഡായി പ്രവർത്തിച്ചിരുന്ന ഗവേഷണ കേന്ദ്രത്തിലെ അംഗീകൃത ഗൈഡായി തുടരാൻ അനുവദിക്കേണ്ടതില്ല എന്ന് ശുപാർശ ചെയ്യുകയും എന്നാൽ, നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികളുടെ ഗവേഷണ മേൽ നോട്ട ചുമതല സർവ്വകലാശാല ഉത്തരവ് നം.448/AX/3/2017/ അക്കാദമിക് തീയതി 24/1/2017 വകുപ്പ് 5(C) അനുസരിച്ച് തുടരാവുന്നതാണ് എന്നുമുള്ള ശുപാർശ അംഗീകരിക്കാൻ തീരുമാനിച്ചു".

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സുകുമാരൻ റ്റി.ബി
അസിസ്റ്റന്റ് രജിസ്ട്രാർ I (അക്കാദമിക്ക്)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1. ഗവേഷകർക്ക്
2. ഗവേഷണ മേധാവിക്ക്
3. ഗവേഷണകേന്ദ്ര തലവന്, PS to VC/PVC
4. EBX/ACAX/ACAXI/ACAVI, PA to Registrar/CE
5. EBXIV , JR/DR/AR
6. AC.C.Section
7. Content Management Section
8. File Cope/Stoke File (File No :ACAII/2/6956/Hindi/2016)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ